കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ല മലയിൻകീഴ് ഗ്രാമപഞ്ചായത്ത് ട്രഷറി വകുപ്പിന് സൗജന്യമായി സ്ഥലം വിട്ടുകൊടുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം. 51/2013/തസ്വഭവ                    തീയതി, തിരുവനന്തപുരം 7-1-2013

---

പരാമർശം: 1) മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 23/11/2012 ലെ 4(1) നമ്പർ തീരുമാനം

2) മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07/12/2012 ലെ എ 155/92 നമ്പർ കത്ത്

3) പഞ്ചായത്ത് ഡയറക്ടറുടെ 13/12/2012 ലെ സി2 37862/12 നമ്പർ കത്ത്

## ഉത്തരവ്

മലയിൻകീഴ് സബ് ട്രഷറി പ്രവർത്തിച്ചു വരുന്ന മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് വക നെയ്യാറ്റിൻകര താലൂക്ക് മലയിൻകീഴ് വില്ലേജ് റി.സ 144/4 ൽപ്പെട്ട 3.70 ആർ സ്ഥലം മലയിൻകീഴ് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ട്രഷറി വകുപ്പിന് വിട്ടുകൊടുക്കുന്നതിന് പരാമർശം(1) പ്രകാരം തീരുമാനിച്ച് പരാമർശം(2) പ്രകാരം സർക്കാർ അനുമതിക്കായി അപേക്ഷിച്ചു. പ്രസ്തുത സ്ഥലം ട്രഷറി വകുപ്പിന് വിട്ടുകൊടുക്കാമെന്ന് പരാമർശം(3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലയിൻകീഴ് സബ് ട്രഷറി പ്രവർത്തിച്ചു വരുന്ന മലയിൻകീഴ് പഞ്ചായത്ത് വക നെയ്യാറ്റിൻകര താലൂക്കിൽ മലയിൻകീഴ് വില്ലേജിലെ റി.സ 144/4 ൽ ഉൾപ്പെട്ട 3.70 ആർ സ്ഥലം മലയിൻകീഴ് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ട്രഷറി വകുപ്പിന് സൗജന്യമായി വിട്ടുകൊടുക്കുന്നതിന് മലയിൻകീഴ് ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഷൈനി ജോർജ്ജ്
അണ്ടർ സെക്രട്ടറി.

സെക്രട്ടറി,മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് , തിരുവനന്തപുരം 695 571
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി(എൽബിഎ&എ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.